# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കാർഷികവായ്പ</u>

8035 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കാർഷികവായ്പ വിതരണം ചെയ്യുന്ന സമ്പ്രദായം നടക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നബാർഡിൽ നിന്ന് കാർഷികവായ്പ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുവാൻ നിലവിൽ തടസ്സമുണ്ടാകുന്നതിന് കാരണമെന്ത് ; വ്യക്തമാക്കാമോ ;

(സി) ഇതുമൂലം കാർഷിക മേഖലയിൽ ഉണ്ടായ പ്രതിസന്ധിയും കർഷകർ നേരിടുന്ന ബുദ്ധിമുട്ടും പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

**കേരള നിയമസഭ**
**24.07.2012-ലെ മറുപടിക്ക്**

<u>മിനറൽ വാട്ടർ പ്ലാന്റുകൾ</u>

8036 ശ്രീ. കെ. ശിവദാസൻ നായർ
'' പി. സി. വിഷ്ണുനാഥ്
'' സി. പി. മുഹമ്മദ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ മിനറൽ വാട്ടർ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എവിടെയൊക്കെയാണ് ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ പ്ലാന്റുകളുടെ പ്രതിദിനശേഷി എത്രയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിൽ പേപ്പർ ബാഗുകൾ, തുണിസഞ്ചികൾ എന്നിവയുടെ ഉപയോഗം</u>

8037 ശ്രീ. കെ. അച്ചുതൻ
'' ലൂഡി ലൂയിസ്
'' എം. പി. വിൻസെന്റ്
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ സ്ഥാപനങ്ങളിൽ പേപ്പർ ബാഗുകൾ, തുണിസഞ്ചികൾ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുകൊണ്ട് എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

8038 ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സഹകരണ മേഖലയിൽ നടപ്പാക്കിയിട്ടുണ്ടോ. ഉണ്ടെങ്കിൽ പലിശയിളവ് ഇനത്തിൽ മൊത്തം എന്ത് തുക സഹകാരികൾക്ക് ആനുകൂല്യമായി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മൊത്തം എത്ര സഹകാരികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കാലയളവിൽ ആത്മഹത്യചെയ്ത കർഷകരുടെ വായ്പയിനത്തിൽ സഹകരണ സ്ഥാപനങ്ങൾ എത്ര തുക എഴുതിത്തളളിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

മലപ്പുറം ജില്ലാ സഹകരണ ബാങ്കുകൾക്ക് പുതിയ ബ്രാഞ്ചുകൾ

8039 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾക്ക് പുതിയ ബ്രാഞ്ചുകളും തസ്തികകളും അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് നിലവിൽ എത്ര ബ്രാഞ്ചുകളും, ബ്രാഞ്ച് മാനേജർ തസ്തികകളും ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പുതുതായി ആരംഭിച്ച 8 ബ്രാഞ്ചുകളിൽ മാനേജർ തസ്തിക അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ ആവശ്യമുള്ള ബ്രാഞ്ച് മാനേജർ തസ്തികകൾ സൃഷ്ടിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

സഹകരണ മേഖലയിലെ ബാങ്കുകളിലേക്ക് നിക്ഷേപ സമാഹരണം

8040 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ ബാങ്കുകളിലേക്ക് പൊതുജനങ്ങളിൽനിന്നും നിക്ഷേപ സമാഹരണം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നിലവിൽ എത്രശതമാനം പലിശയാണ് പ്രാഥമിക സഹകരണ ബാങ്കുകൾ നല്കി വരുന്നത്; പ്രസ്തുത പരിശ നിരക്ക് കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

ദിവസ നിക്ഷേപ പിരിവുകാരുടെ പ്രശ്നങ്ങൾ

8041 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ ജോലി ചെയ്യുന്ന ദിവസ നിക്ഷേപ പിരിവുകാരുടെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) 189/2009, 39/2011 നമ്പർ ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ദിവസ നിക്ഷേപ പിരിവുകാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 2005-ൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) മേൽ ഉത്തരവുകൾ ഏതൊക്കെ ജില്ലാ സഹകരണ ബാങ്കുകൾ നടപ്പിലാക്കിയിട്ടുണ്ട്; ബാക്കി ബാങ്കുകളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>മുദ്രവില ഒഴിവാക്കുന്നതിന് നടപടി</u>

8042 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ സംഘങ്ങൾക്ക് സംഘം മെമ്പർമാരിൽ നിന്നും വ്യാപാരാവശ്യത്തിന് വസ്തുക്കൾ വാങ്ങുമ്പോൾ മുദ്രവില മുഴുവനായും ഒഴിവാക്കുന്നതിന് GO(MS) 795/60/Agri. തീയതി 18.10.1960 പ്രകാരം ഉത്തരവ് നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശ്രീകണ്ഠാപുരം അഗ്രി.പ്രൊഡക്ട്സ് & ടോഡിടാപ്പേർസ് സഹകരണ സംഘത്തിന്റെ പേരിൽ തളിപ്പറമ്പ് സബ് രജിസ്ട്രാഫീസിലെ ജ/6012 നമ്പർ ആധാരത്തിന് മുദ്രവില ഈടാക്കിയിട്ടുണ്ടോ;

(സി) മുദ്രവില ഈടാക്കുന്നതിനായി കണ്ണൂർ ജില്ലാ രജിസ്ട്രാർ (ജനറൽ)ഏ1/3207/2012 പ്രകാരം നൽകിയ ഉത്തരവ് പുന:പ്പരിശോധിച്ച് GO(MS) 795/60/Agrl. അനുസരിച്ച് മുദ്രയും പിഴയും ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>വസ്തു പണയപ്പെടുത്തി വായ്പ</u>

8043 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പാരമ്പര്യമായി ലഭിച്ച പട്ടയമുള്ള വസ്തു ജില്ലാ സഹകരണ ബാങ്കുകളിൽ പണയം വച്ച് വായ്പയെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കുമോ;

(ബി) ലോൺ എടുക്കുന്നതിനായി ജില്ലാ സഹകരണ ബാങ്കിന്റെ വിവിധ ശാഖകളെ സമീപിക്കുന്നവർക്ക് ബാങ്ക് അധികൃതർ അപേക്ഷാ ഫോം ലഭ്യമാക്കുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടയമുള്ള വസ്തു ജില്ലാ സഹകരണ ബാങ്കുകളിൽ പണയപ്പെടുത്തി ലോൺ എടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസ് സംവിധാനം</u>

8044 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ വിജിലൻസ് സംവിധാനം എന്നാണ് നടപ്പിലാക്കിയത്; എന്തെല്ലാമായിരുന്നു ലക്ഷ്യങ്ങൾ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം ലഭ്യമാക്കാമോ;

(ബി) "സഹകരണ വിജിലൻസ്" സംവിധാനത്തിന്റെ നിലവിലെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ വിജിലൻസ് വിഭാഗം എത്ര കേസുകൾ കണ്ടുപിടിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ അർബൻ സഹകരണ ബാങ്കുകളിലെ പ്രമോഷൻ

8045

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അർബൻ സഹകരണ ബാങ്കുകളിൽ ഫീഡർ കാറ്റഗറി റൂൾ നിലവിലില്ലാതെ ഏതെങ്കിലും ബാങ്കുകളിൽ ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പേരും സ്വീകരിച്ച നടപടികളുടേയും വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ ഓഡിറ്റ്</u>

8046 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ള പ്രധാന അപാകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ നല്കുമോ;

(സി) പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനമൂലധനം അനുസരിച്ച് ഓഡിറ്റർമാരെ നിയമിക്കുന്നതിന് അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കൺസ്യൂമർ ഫെഡിന്റെ കീഴിൽ ക്ലിനിക്കൽ ലബോറട്ടറികൾ</u>

8047 ശ്രീ. വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ സംസ്ഥാനത്ത് ക്ലിനിക്കൽ ലബോറട്ടറികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് ഇത് തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ ക്ലിനിക്കൽ ലബോറട്ടറികളിൽ കുറഞ്ഞ ചെലവിൽ പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ ഷോപ്പുകൾ ആരംഭിക്കുന്നതിന് നടപടി</u>

8048 ശ്രീ. സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഗുണനിലവാരമുള്ള സാധനങ്ങളും മരുന്നും ലഭ്യമാക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ ഷോപ്പുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള സഹകരണ മേഖലയിലെ നീതി മെഡിക്കൽ സ്റ്റോറുകൾ, കൺസ്യൂമർ ഫെഡ്, ത്രിവേണി തുടങ്ങിയവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം പോലീസ് സ്റ്റാഫ് സഹകരണ സംഘം പിടിച്ചെടുക്കാൻ നീക്കം</u>

8049 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പോലീസ് സ്റ്റാഫ് സഹകരണ സംഘത്തിന്റെ വാർഷിക പൊതുയോഗം തടഞ്ഞുകൊണ്ട് സഹകരണ ജോയിന്റ് രജിസ്ട്രാർ ഉത്തരവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) വാർഷിക പൊതുയോഗം മുൻനിശ്ചയിച്ച ഹസൻമരയ്ക്കാർ ഹാളിൽ നിന്നും പേട്ട എസ്.എൻ.ഡി.പി ഹാളിലേയ്ക്ക് മാറ്റിയത് ആരുടെ നിർദ്ദേശപ്രകാരമായിരുന്നുവെന്ന് അറിയിക്കുമോ;

(സി) സംഘത്തിൽ നിലവിലുള്ള ഭരണസമിതി അധികാരമേറ്റ ശേഷം മറ്റു ജില്ലകളിൽ ജോലി ചെയ്യുന്നവരെയും സർവ്വീസിൽ നിന്ന് വിരമിച്ചവരേയും സംഘത്തിൽ അംഗങ്ങളാക്കിയിട്ടുണ്ടോ;

(ഡി) സംഘം ഭരണസമിതി മറ്റു ജില്ലകളിൽ ജോലി ചെയ്യുന്ന എത്ര പേരുടേയും, സർവ്വീസിൽ നിന്നും വിരമിച്ച എത്ര പേരുടേയും അംഗത്വം ഒഴിവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) സംഘത്തിൽ സാമ്പത്തിക ബാധ്യതയുള്ള മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നവരുടേയും സർവ്വീസിൽ നിന്നും വിരമിച്ചവരുടേയും അംഗത്വം സാമ്പത്തികബാധ്യത കണക്ക് അവസാനിപ്പിയ്ക്കുന്ന മുറയ്ക്ക് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ;

(എഫ്) ഈ സംഘത്തിൽ റൂൾ 68 പ്രകാരം അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) സംഘത്തിൽ റൂൾ 66 പ്രകാരം അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എച്ച്) അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

(ഐ) സംഘത്തിന്റെ വാർഷിക പൊതുയോഗം തടഞ്ഞുകൊണ്ടുള്ള സഹകരണ ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ് പിൻവലിച്ച് പൊതുയോഗം നടത്തുന്നതിന് സംഘത്തിന് അനുവാദം നൽകുമോ;

(ജെ) ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്താൻ വകുപ്പ്തല ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ചിലർ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന പരീക്ഷകൾ</u>

8050 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന പരീക്ഷകളിൽ നേറ്റിവിറ്റി ആനുകൂല്യം ഒരു ജില്ലയിൽ നിന്നും വിവാഹം കഴിച്ചുകൊണ്ട് മറ്റു ജില്ലകളിൽ സ്ഥിര താമസമാക്കിയിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ നേറ്റിവിറ്റിക്കു പകരം പെർമനന്റ് റസിഡൻസ് എന്ന നിലയിൽ മാറ്റം വരുത്തി എല്ലാവർക്കും ജില്ലാ വെയിറ്റേജ് ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ അഴിമതി</u>

8051

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിലും മറ്റു പ്രവർത്തനങ്ങളിലും വൻതോതിൽ അഴിമതിയും ക്രമക്കേടും നടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതു പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

(ഡി) എങ്കിൽ നിയമ തടസ്സങ്ങൾ നീക്കി ഈ സ്ഥാപനം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

ജെ. ഡി. സി. കോഴ്സുകൾക്ക് പരിശീലനം
നൽകുന്ന സ്ഥാപനങ്ങൾ

8052 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെ. ഡി. സി. കോഴ്സുകൾക്ക് പരിശീലനം നൽകുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും ഈ സ്ഥാപനങ്ങളിൽ ആകെ എത്ര സീറ്റുകൾ ഉണ്ടെന്നും അറിയിക്കുമോ; സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എത്ര ശതമാനം സീറ്റുകളാണ് ജെ. ഡി. സി. കോഴ്സുകൾക്ക് അനുവദിക്കുന്നത് എന്നു വിശദമാക്കുമോ ;

(ബി) ജെ. ഡി. സി. കോഴ്സിന്റെ നിലവിലുളള സിലബസ്സ് എത്ര വർഷം മുമ്പ് നിശ്ചയിച്ചിട്ടുള്ളതാണ്; പഴയ സിലബസ്സ് അനുസരിച്ച് കോഴ്സ് പഠിക്കുകയും പരീക്ഷയെഴുതാതിരിക്കുകയും പഴയ സിലബസ്സ് അനുസരിച്ച് പരീക്ഷയെഴുതി പരാജയപ്പെട്ടവരുമായ വിദ്യാർത്ഥികൾക്ക് പഴയ സിലബസ്സിൽ തന്നെ ഇനിയും പരീക്ഷയെഴുതാൻ അവസരം നൽകുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

കേപ്പിന്റെ എഞ്ചിനീയറിംഗ് കോളേജുകളിലെ
ക്രമരഹിതമായ പ്രവേശനം

8053 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ എഞ്ചിനീയറിംഗ് കോളേജുകളിൽ കഴിഞ്ഞ വർഷം ലാറ്ററൽ എൻട്രി മുഖാന്തിരം ക്രമരഹിതമായി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) എ.ഐ.സി.റ്റി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ച് എൻട്രൻസ് കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നൽകേണ്ട സീറ്റുകളിലേയ്ക്കാണോ, ലാറ്ററൽ എൻട്രി അഡ്മിഷൻ നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) കേപ്പിന്റെ ഏതെല്ലാം സ്ഥാപനങ്ങളിൽ, എത്ര വിദ്യാർത്ഥികൾക്കാണ് ക്രമരഹിതമായി ലാറ്ററൽ എൻട്രി വഴി പ്രവേശനം നൽകിയിട്ടുളളതെന്ന് അറിയിക്കുമോ ;

(ഡി) ക്രമരഹിതമായി വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതിന് ഉത്തരവാദി ആരാണ് ; അവർക്കെതിരെ ഉചിതമായ നടപടി കൈക്കൊളളുമോ ;

(ഇ) യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ഒന്നാം വർഷ പരീക്ഷ എഴുതുകയും ചെയ്തിട്ടുളള ഈ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) കഴിഞ്ഞ ഒരു വർഷക്കാലം കേപ്പിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദമായ അന്വേഷണം നടത്തുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ ഫാർമസി വിഭാഗം അധ്യാപകർ</u>

8054

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ ഫാർമസി വിഭാഗം അധ്യാപകരായി ജോലി ചെയ്യുന്നവരിൽ സ്ഥിരമാക്കപ്പെട്ടവർ എത്ര പേരാണ്; താൽക്കാലികാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരുവിവരം ലഭ്യമാക്കാമോ;

(സി) ഫാർമസി വിഭാഗം അധ്യാപകർക്ക് ലഭ്യമാക്കുന്ന വേതനം സംബന്ധിച്ച വിവരം ഇനം തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പ്രധാന നദികൾ മാലിന്യമുക്തമാക്കുന്നതിന് കർമ്മപദ്ധതി</u>

8055 ശ്രീ. ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നദികൾ മാലിന്യമുക്തമാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

പരിസ്ഥിതിസൗഹൃദ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

8056

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിസൗഹൃദവും മലിനീകരണം നിയന്ത്രിക്കുന്നതുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആലപ്പുഴ ജില്ലയിൽ ഉണ്ടെന്നു പറയാമോ; ഇവയ്ക്കു മലിനീകരണ നിയന്ത്രണ വകുപ്പിൽ നിന്നും സഹായങ്ങൾ നൽകുന്നുണ്ടോ;

(ബി) പരിസ്ഥിതി മലിനീകരണത്തെ ചെറുക്കുന്നതും പരിസ്ഥിതിയോട് ഇണങ്ങുന്നതുമായ ഉല്പന്നങ്ങൾക്ക് വിപണിയിൽ വലിയ വിലയാണെന്നും അവ സാധാരണക്കാർക്ക് വാങ്ങാൻ കഴിയാത്ത വയാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യം ചെറുക്കുന്നതിന് ഇത്തരം ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകൾക്ക് സഹായം നൽകാനും ഉല്പന്നങ്ങൾക്ക് നികുതിയിളവ് നൽകാനും നടപടിയെടുക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

ഫ്ളക്സ് ബോർഡ് വ്യാപനം തടയാൻ നടപടി

8057 ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ തോതിൽ ഫ്ളക്സ് ബോർഡുകൾ കേരളത്തിന്റെ എല്ലായിടത്തും ാപിച്ചുകൊണ്ടിരിക്കുന്നതു കാരണം ഉണ്ടാകുന്ന പരിസര മലിനീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ഖാദിക്ലസ്റ്റർ രൂപീകരിക്കാൻ നടപടി</u>

8058 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്
,, കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി ക്ലസ്റ്റർ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഖാദി മേഖലയുടെ വളർച്ചയ്ക്ക് ക്ലസ്റ്ററുകൾ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ഖാദി തൊഴിലാളികളുടെ അധ്വാനഭാരം</u>

8059 ശ്രീ. ആർ. സെൽവരാജ്
,, അൻവർ സാദത്ത്
,, വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഖാദി മേഖലയിൽ യന്ത്ര ചർക്ക ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏത് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണ് ഈ പരിഷ്ക്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; ഇതുകൊണ്ടുളള നേട്ടങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

ഖാദിയുടെ പ്രചാരണത്തിനായി നടപടികൾ

8060 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദിയുടെ പ്രചാരണത്തിനും കൈത്തറി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും ഈ സർക്കാർ വന്നതിനുശേഷം നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണെന്നും എത്ര ചെറുകിട യൂണിറ്റുകൾ അടച്ചുപൂട്ടിയെന്നും വ്യക്തമാക്കാമോ;

(ബി) കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തെ ലക്ഷ്യമിട്ട് രൂപീകരിച്ച എത്ര സഹകരണസംഘങ്ങൾ ആലപ്പുഴ ജില്ലയിലുണ്ട്; ഇവ ഇപ്പോഴും സജീവമായി നിലനിൽക്കുന്നുണ്ടോ;

(സി) ചേർത്തല താലൂക്കിൽ നിലവിൽ എത്ര കൈത്തറി തൊഴിലാളികൾ ഉണ്ട്; ഇവരുടെ പ്രതിദിന ശരാശരി വേതനമെത്രയാണ്; ഇവരുടെ തൊഴിൽ സുരക്ഷിതത്വത്തിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ജോലിചെയ്തു വന്ന ജീവനക്കാരുടെ സ്വാശ്രയപെൻഷൻ</u>

8061 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ജോലി ചെയ്യുന്ന അംഗീകൃത ജീവനക്കാരെ സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവു പ്രകാരമുള്ള ആനുകൂല്യത്തിന് ഏതെല്ലാം സഹകരണ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഓരോ മില്ലിലും എത്ര പേരെ വീതം ഉൾപ്പെടുത്തിയിട്ടുണ്ട്; അവർക്ക് ആനുകൂല്യം നൽകി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഖാദി ഉൽപാദനവും പ്രൊഡക്ഷൻ ഇൻസെന്റീവും</u>

8062 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഖാദി ഉൽപാദനം വർദ്ധിപ്പിക്കാൻ തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനുവേണ്ടി 2010 -11, 2011-12 വർഷങ്ങളിൽ എത്ര രൂപ വകയിരുത്തിയിരുന്നു; ഓരോ വർഷവും എത്ര രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

റൂട്രോണിക്സ് നടത്തുന്ന കമ്പ്യൂട്ടർ കോഴ്സുകൾ

8063 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിലുള്ള റൂട്രോണിക്സ് നടത്തുന്ന കമ്പ്യൂട്ടർ കോഴ്സുകൾ എന്തൊക്കെയെന്നു വിശദമാക്കാമോ;

(ബി) ഇതിൽ സർക്കാർ അംഗീകരിച്ചിട്ടുള്ളതും പി. എസ്.സി അംഗീകരിച്ചിട്ടുള്ളതുമായ കോഴ്സുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) റൂട്രോണിക്സ് നടത്തുന്ന ഡിസിഎ കോഴ്സിന് സർക്കാർ അംഗീകാരമുള്ളതും എന്നാൽ പിഎസ്സി അംഗീകരിച്ചിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി. എസ്. സി. അംഗീകാരം ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലെ കാഷ്യർ, ക്ലർക്ക് തസ്തികകൾ</u>

8064

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലാ, സഹകരണ ബാങ്കിലും ഇതിന്റെ വിവിധ ബ്രാഞ്ചുകളിലുമായി എത്ര കാഷ്യർ, ക്ലർക്ക് തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്;

(ബി) ഈ രണ്ട് തസ്തികകളിലും നിയമനം നൽകുന്നതിനായി പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**24.07.2012-ലെ മറുപടിക്ക്**

<u>സഹകരണ അപ്പക്സ് സ്ഥാപനങ്ങൾ</u>

8065 ശ്രീ. ബെന്നി ബഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സംസ്ഥാന സഹകരണ അപ്പക്സ് സ്ഥാപനങ്ങൾ ഉണ്ട്;

(ബി) ഏത് വർഷം മുതൽ ഏതെല്ലാം അപ്പക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. യ്ക്ക് കൈമാറിയിട്ടുണ്ട്;

(സി) നിയമനം പി.എസ്.സി യ്ക്ക് വിട്ടതിനുശേഷം ഇതേവരെ ഈ സ്ഥാപനങ്ങളിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്;

(ഡി) എത്ര അപ്പക്സ് സ്ഥാപനങ്ങൾ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി യ്ക്ക് കൈമാറിയിട്ടുണ്ട്;

(ഇ) നിയമനങ്ങൾ പി.എസ്.സി യ്ക്ക് കൈമാറിയശേഷം നാളിതുവരെ സ്പെഷ്യൽ റൂൾസ് പാസ്സാക്കാത്ത അപ്പക്സ് സ്ഥാപനങ്ങൾ ഏതെല്ലാം; കാരണം വിശദമാക്കുമോ;

(എഫ്) സ്പെഷ്യൽ റൂൾസ് പാസ്സാക്കാൻ എത്ര സമയപരിധി ആവശ്യമാണ്;

(ജി) അപ്പക്സ് സ്ഥാപനങ്ങിലേയ്ക്ക് 351/2008 എന്ന കാറ്റഗറി നമ്പരിൽ പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കി ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ & കാഷ്യർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം</u>

8066 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളിൽ എസ്.എസ്.എൽ.സി. യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ & കാഷ്യർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ;

(ബി) സർക്കാർ വകുപ്പിൽ ജെ.ഡി.സി. യോഗ്യതയില്ലാത്തവർക്കും ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് നടത്തി പ്രമോഷൻ നൽകുന്ന സംവിധാനം നിലവിലുണ്ടോ ;

(സി) എങ്കിൽ എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയും സർവ്വീസും ഉള്ള പ്രാഥമിക സഹകരണ സംഘം ജീവനക്കാർക്ക് ടെസ്റ്റ് നടത്തി പ്രമോഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ജെ.ഡി.സി.ക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**24.07.2012-ലെ മറുപടിക്ക്**

<u>ജില്ലാ സഹകരണ ബാങ്കില്‍ ക്ലാര്‍ക്ക് നിയമനങ്ങള്‍</u>

8067 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജില്ലാ സഹകരണ ബാങ്കില്‍ നിലവില്‍ വന്ന പി.എസ്.സി ക്ലാര്‍ക്ക് റാങ്ക് ലിസ്റ്റില്‍ നിന്നും നാളിതുവരെ എത്ര നിയമനങ്ങള്‍ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ ബാങ്കിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരില്‍ എത്ര പേര്‍ക്കാണ് 2010, 2011, 2012 വര്‍ഷങ്ങളില്‍ പ്രമോഷന്‍ നല്‍കിയിട്ടുള്ളതെന്നും ഇവയുടെ റേഷ്യോ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ സതേൺ ഇഡ്പാറ്റ് ഇൻഡസ്ട്രീസ്</u>

8068

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോട്ടായി പഞ്ചായത്തിലെ കരിയാംകോട് പ്രവർത്തിക്കുന്ന സതേൺ ഇഡ്പാറ്റ് ഇൻഡസ്ട്രീസ് എന്ന ഇരുമ്പുരുക്ക് കമ്പനി സൃഷ്ടിക്കുന്ന മലിനീകരണത്തെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജനങ്ങളുടെ ആശങ്കകൾ അകറ്റാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) കമ്പനിക്ക് ലൈസൻസ് പഞ്ചായത്ത് നൽകാത്തതിനെതിരെ കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തു നിലപാടാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഈ കമ്പനിയിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധന നടത്തിയിട്ടുണ്ടോ; എന്നാണ് പരിശോധന നടത്തിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>സഹകാരികൾക്കുള്ള ചികിത്സാ സഹായം</u>

8069 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. കെ. ദിവാകരൻ, ചാങ്ങിലേത്ത് വീട്, കോട്ടയ്ക്കപ്പുറം, കുലശേഖരപുരം എന്ന വ്യക്തി സഹകാരികൾക്കുള്ള ചികിത്സ ധനസഹായത്തിനുവേണ്ടി 27-9-2011-ൽ സമർപ്പിച്ച അപേക്ഷയിൽ എടുത്ത തീരുമാനം എന്തെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ധനസഹായം നൽകുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; തടസ്സം ഒഴിവാക്കി ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>'ഗ്രൃഹശ്രീ' പദ്ധതി</u>

8070 ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഗ്രൃഹശ്രീ' എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(ബി) കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ നടത്തുന്ന ഈ പദ്ധതിയിൽ സ്വയം സഹായ സംഘങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പുനലൂർ നിയോജകമണ്ഡലത്തിൽ 'നന്മ' സ്റ്റോറുകൾ</u>

8071 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര നന്മ സ്റ്റോറുകളാണ് ആരംഭിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുനലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ സ്ഥലങ്ങളിലാണ് നന്മ സ്റ്റോറുകൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ
'സഞ്ചരിക്കുന്ന മാവേലിസ്റ്റോർ'

8072 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിലവിൽ 'സഞ്ചരിക്കുന്ന മാവേലിസ്റ്റോർ' പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കണമെന്ന അപേക്ഷ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പച്ചത്തേങ്ങ സംഭരണ സഹകരണ സംഘങ്ങൾ</u>

8073 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണനിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകാമോ; വിശദീകരിക്കുമോ?